**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3795** **17-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി എടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ ജീവനക്കാർക്ക് അനുവദിക്കേണ്ട അവധിയുടെ ആവശ്യകതയും യോഗ്യതയും പരിശോധിച്ച് കേരള സർവ്വീസ് ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് ദീർഘകാല അവധി അനുവദിക്കുന്നത്. |
| (ബി) | ദീർഘകാല അവധി നൽകുന്നതിൽ ഏതെങ്കിലും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ദീർഘകാല അവധി അനുവദിക്കുന്നതിൽ കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഏതെങ്കിലും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക നിയന്ത്രണമേർപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം ഒന്ന്, ചട്ടം 65 പ്രകാരം അവധി ഒരു അവകാശമല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ വകുപ്പിലെ സാഹചര്യങ്ങൾ വിലയിരുത്തി ദീർഘകാല അവധി അനുവദിക്കുന്നതിൽ അവധി അനുവദിക്കുന്ന അധികാരികൾക്ക് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്. |
| (സി) | നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർക്ക് പി.എസ്.സി. മുഖേന ജോലി ലഭിക്കുന്ന പക്ഷം ദീർഘകാല അവധി എടുക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർക്ക് പി.എസ്.സി. മുഖേന ജോലി ലഭിക്കുന്ന പക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം ഒന്ന്, അനുബന്ധം XII-A ലെ വ്യവസ്ഥകൾക്ക് വിധേയമായി വിദേശത്ത് ജോലി ചെയ്യുന്നതിന് പരമാവധി അഞ്ചു വർഷം വരെ ശൂന്യവേതന അവധി അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ